പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5497

01.07.2019 - ൽ മറുപടിക്ക്

## സഹകരണ ബാങ്കുകളിലെ സ്വാശ്രയ പെൻഷൻ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാന, ജില്ലാ സഹകരണ ബാങ്കുകളിലെ ജീവനക്കാർക്ക് നൽകി വരുന്ന സ്വാശ്രയ പെൻഷൻ പദ്ധതിയിലെ അപാകതകൾ പരിഹരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ബഹു. ഹൈക്കോടതിയിൽ കേസുകൾ നിലനിൽക്കുന്ന സാഹചര്യത്തിൽ ഈ പദ്ധതിക്ക് നിയമപരമായ സാധുത നഷ്ടപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | ബി) | സ.ഉ (അ) നം.81/2019/തൊ.വ ഉത്തരവ് പ്രകാരം സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളെ ഇ.പി.എഫ് ന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിരുന്നു. ടി ഉത്തരവിനെതിരെ നിരവധി റിട്ട് പെറ്റീഷനുകൾ ജീവനക്കാർ ഫയൽ ചെയ്യുകയും ബഹു.ഹൈക്കോടതി ഇ.പി.എഫ് ആക്ടിലെ സെക്ഷൻ 17(1)(c) പ്രകാരം റീജിയണൽ പ്രോവിഡന്റ് ഫണ്ട് കമ്മീഷണർ മുഖേന സംസ്ഥാന സർക്കാരിന് അപേക്ഷ സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. ഈ ഉത്തരവിനെതിരെ പെൻഷൻ ബോർഡ് ഫയൽ ചെയ്ത റിട്ട് അപ്പീലുകളിന്മേൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ജീവനക്കാർക്ക് പെൻഷൻ സ്കീം തെരഞ്ഞെടുക്കാവുന്ന-താണെന്ന് നിർദ്ദേശിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവിനെതിരെ സർക്കാരും പെൻഷൻ ബോർഡും ഫയൽ ചെയ്ത സ്പെഷ്യൽ ലീവ് പെറ്റീഷനുകൾ ബഹു.സുപ്രീംകോടതിയുടെ പരിഗണനയിലാണ്. |
| സി) | ഇ.പി.എഫ്. പെൻഷൻ പദ്ധതിയേക്കാൾ ജീവനക്കാർക്ക് ഗുണകരമാകുന്ന സ്വാശ്രയ പെൻഷൻ | സി) | സ്വാശ്രയ പെൻഷൻ പദ്ധതി പരിഷ്കരണത്തിന്റെ വിവിധ വശങ്ങൾ, നിയമ ഭേദഗതികൾ, കേരളാ ബാങ്ക് രൂപീകരണ സമയത്ത് വരുത്തേണ്ട മാറ്റങ്ങൾ എന്നിവ പഠിക്കുന്നതിന് ഒരു കമ്മീഷനെ സർക്കാർ നിയമിച്ചിട്ടുണ്ട്. കേസിൽ ഉൾപ്പെട്ട ജീവനക്കാരുടെ കാര്യത്തിൽ |

| | | | |
|---|---|---|---|
| | പദ്ധതിയുടെ അപാകതകൾ പരിഹരിക്കുന്നതിനും പുനഃസംവിധാനം ചെയ്ത് നിലവിലുള്ള ജീവനക്കാരേയും കേസിൽ ഉൾപ്പെട്ട മുഴുവൻ പെൻഷൻകാരേയും സ്വാശ്രയ പെൻഷൻ പദ്ധതിയിൽ തന്നെ നിലനിർത്തുവാനും നടപടി സ്വീകരിക്കുമോ? | | ബഹു.സുപ്രീം കോടതിയിൽ നിലനിൽക്കുന്ന സ്പെഷ്യൽ ലീവ് പെറ്റീഷനിന്മേൽ ഉത്തരവാകുന്ന മുറയ്ക്ക് ഇത് സംബന്ധിച്ച ഉചിത നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ